**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6314** **08.11.2016-ൽ മറുപടിക്ക്**

**<u>സംസ്ഥാന സിവിൽ സർവ്വീസ്</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി** |
| (എ) | സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിന് രാജ്യത്ത് മറ്റേതെങ്കിലും സംസ്ഥാനത്തിന്റേതായ മാതൃക ഉണ്ടോ ; | (എ) | 24/09/2013-ലെ ജി.ഒ.(ആർ.ടി)7725/2013/ ജിഎഡി, 16/08/2014-ലെ ജി.ഒ.(എം.എസ്) 228/2014/ജിഎഡി, 05/01/2015-ലെ ജി.ഒ. (എം.എസ്) 1/2015/ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന് ആധാരമായ ശ്രീ.ഭരത് ഭൂഷൺ കമ്മിറ്റി റിപ്പോർട്ടിൽ മഹാരാഷ്ട്ര, തമിഴനാട്, ബീഹാർ, ഉത്തർപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ സിവിൽ സർവ്വീസ് തിരഞ്ഞെടുപ്പ് രീതികൾ പരാമർശിച്ചിട്ടുണ്ട്. |
| (ബി) | സിവിൽ സർവ്വീസിലേക്കുള്ള റിക്രൂട്ട്മെന്റ് രീതിയും മറ്റും സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ? | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് പുനരവലോകനത്തിനായി ആഭ്യന്തരവും വിജിലൻസും അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ഒരു ആറംഗകമ്മിറ്റി 16/08/2016-ലെ ജി.ഒ.(ആർ.ടി) 322/2016/പി&എ.ആർ.ഡി ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ തേടി വരികയാണ്. |

സെക്ഷൻ ഓഫീസർ